Anchal Offices.

41. * **Mr. J. John Kattakayam**: Will the Government be pleased to state whether there are not places in the State having more Anchal Offices than are actually required?

Rao Bahadur Dr. N. Kunjan Pillai: No.

Mr. J. John Kattakayam: അഞ്ചലാഫീസുകൾ കുറവു ള്ള സ്ഥലങ്ങൾ ഉണ്ടോ?

Rao Bahadur Dr. N. Kunjan Pillai: ക്കൂടുതൽ കുറവു കണ്ടേക്കാം. ആവശ്യം അനുസരിച്ചാണ് അഞ്ചലാഫീസ് സ്ഥാപിക്കുന്നത്.

Mr. J. John Kattakayam: പിന്നെ ക്കൂടുതലില്ലെന്നു പറഞ്ഞതെങ്ങനെയാണ്?

Rao Bahadur Dr. N. Kunjan Pillai: ആവശ്യത്തിൽ ക്കൂടുതലില്ലെന്നാണു പറഞ്ഞിട്ടുള്ളത്.

Mr. J. John Kattakayam: അഞ്ചലാഫീസിന്റെ ആവശ്യമുള്ള പല സ്ഥാനങ്ങളിലും അതില്ലെന്നുള്ള വിവരം അറിയാമോ?

Rao Bahadur Dr. N. Kunjan Pillai: സ്ഥാനമെന്നു പറയുന്നത് ഒരു പ്രത്യേകപായിന്റാണ്.

Mr. J. John Kattakayam: ചക്രവർത്തിതിരുമനസ്സിലെ ചരമവാർത്ത അറിയാത്തതുപോലെയുള്ള സ്ഥാനങ്ങൾ വേറെയും ഉണ്ടെന്നുള്ളത് അറിയാമോ?

Rao Bahadur Dr. N. Kunjan Pillai: അഞ്ചലാഫീസിന്റെ ആവശ്യമുണ്ടെന്നു അഞ്ചൽ സൂപ്രണ്ടിനു തോന്നുന്ന സ്ഥലങ്ങളിലെല്ലാം അഞ്ചലാഫീസുകൾ സ്ഥാപിച്ചുകൊടുക്കുന്നുണ്ട്.

Mr. J. John Kattakayam: അങ്ങനെയുള്ള സ്ഥലത്തു അഞ്ചലാഫീസ് വേണമെന്നു ഗവണ്മെന്റിനോടാവശ്യപ്പെട്ടിട്ടുണ്ടോ?

Rao Bahadur Dr. N. Kunjan Pillai: അതിനേപ്പറ്റി പല അപേക്ഷകളും വന്നിട്ടുണ്ട്. ചില സ്ഥലങ്ങളിൽ അതനുസരിച്ചു അഞ്ചൽആഫീസുകൾ സ്ഥാപിച്ചു കൊടുത്തിട്ടുമുണ്ട്.

Mr. J. John Kattakayam: സമീപകാലത്തു അങ്ങനെ വല്ല സ്ഥലത്തും അഞ്ചലാഫീസു സ്ഥാപിച്ചുകൊടുത്തിട്ടുണ്ടോ?

Rao Bahadur Dr. N. Kunjan Pillai: പരിശോധനാന്തം ആഫീസുകൾ ഈയാണ്ടിലും സ്ഥാപിച്ചുകൊടുത്തിട്ടുണ്ട്. മുന്നാണ്ടുകളിലും കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam: അറക്കുളത്തു അഞ്ചലാഫീസിൽ വരണമെങ്കിൽ തൊടുപുഴനിന്നും എത്രമൈൽ പോകണം?

Rao Bahadur Dr. N. Kunjan Pillai: മൈൽ കണക്കു അറിഞ്ഞുകൂടാ.

Mr. J. John Kattakayam: എത്ര ഏറിയായുള്ള് അകത്താണ് അഞ്ചലാഫീസു സ്ഥാപിച്ചുകൊടുക്കുന്നതു്?

Rao Bahadur Dr. N. Kunjan Pillai: അതു് അവിടത്തെ ജനസംഖ്യയേയും അവരുടെ ആവശ്യങ്ങളേയും ആശ്രയിച്ചിരിക്കും. നൂറുമൈൽ വിസ്തീർണ്ണമുള്ള സ്ഥലത്തു ഒരാളെ ഉള്ളുവെങ്കിൽ അവിടെ അഞ്ചലാഫീസു സ്ഥാപിച്ചുകൊടുക്കുകയില്ല.

Mr. J. John Kattakayam: അത്യാവശ്യസ്ഥലത്തു അഞ്ചലാഫീസ് സ്ഥാപിച്ചുകൊടുക്കേണ്ടതല്ലേ?

Rao Bahadur Dr N. Kunjan Pillai: അഞ്ചലാഫീസുസ്ഥാപിച്ചുകൊടുക്കണമെങ്കിൽ അതിലേക്കു ചില പ്രത്യേക വ്യവസ്ഥകളുണ്ടു്. അതിന്റെ നടത്തിപ്പിനു ഒരു ഗ്യാറൻറികൊടുക്കണം. നഷ്ടമുണ്ടെങ്കിൽ അതിൽനിന്നും ഈടാക്കും.

Mr. J. John Kattakayam: ഡിപ്പാർട്ടുമെൻറലായിട്ടു സ്ഥാപിച്ചുകൊടുക്കുകയില്ലേ?

Rao Bahadur Dr. N. Kunjan Pillai: അത്യാവശ്യമുള്ളസ്ഥലത്തു കൊടുക്കുന്നുണ്ടു്.

Production of copying sheets.

42. ***Mr. J. John Kattakayam**: Will the Government be pleased to state:

(*a*) whether copying sheets are usually being produced in all the departments for preparing copies of documents;

(*b*) whether the superfluous sheets are being returned to any parties, though the rule is that they should be so returned: and

(*c*) whether the parties have to meet other expenses also?

Rao Bahadur Dr. N. Kunjan Pillai: (*a*) & (*b*) Yes; The rules require it.

(*c*) Government have no information.

Mr. J. John Kattakayam: രജിസ്റ്റർ ആഫീസുകളിൽ ധാരാളം അഴിമതികൾ നടക്കുന്നുണ്ടു് എന്നുള്ള വിവരം അറിയാമോ?

Rao Bahadur Dr. N. Kunjan Pillai: അറിയാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly